കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമന ശിപാർശ

72 (2891) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 349/2008 പ്രകാരമുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും ഏറ്റവും ഒടുവിൽ നിയമന ശിപാർശ നൽകിയ തീയതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തീയതിക്കുശേഷം ടി തസ്തികയിൽ സെക്രട്ടേറിയറ്റ്, പി.എസ്.സി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പുകളിൽ നിന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) ഏറ്റവും ഒടുവിൽ നിയമന ശിപാർശ നടത്തി ആറുമാസം കഴിഞ്ഞിട്ടും നിരവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമന ശിപാർശ നൽകാൻ കാല താമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ശിപാർശ അയയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-6-2015-നാണ് ഏറ്റവും ഒടുവിൽ നിയമന ശിപാർശ നൽകിയത്. ഈ തീയതിക്കുശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട 41 ഒഴിവുകളുടെ റൊട്ടേഷൻ 6-7-2015-ന് അംഗീകരിക്കുകയും നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്.

(ബി) ധനകാര്യ വകുപ്പിൽ നിന്നും 4-7-2015-ന് 14 ഒഴിവുകളും ലോക്കൽ ഫണ്ട് ആഡിറ്റിൽ നിന്നും 6-7-2015-ന് 2 ഒഴിവുകളും ലഭിച്ചിട്ടുണ്ട്.

(സി) 1-6-2015-നാണ് അവസാനമായി നിയമന ശിപാർശ നടന്നത്.

(ഡി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ ഉടൻ നിയമന ശിപാർശ നൽകുന്നതാണ്.

പള്ളിപ്പുറം കോട്ടയോടനുബന്ധിച്ച് മിലിട്ടറി മ്യൂസിയം

73 (T 2892) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസിരിസ് പൈതൃക പദ്ധതി പ്രകാരം പള്ളിപ്പുറം കോട്ടയോടനുബന്ധിച്ച് മിലിട്ടറി മ്യൂസിയം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മ്യൂസിയം എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മുസിരിസ് പൈതൃക പദ്ധതി പ്രകാരം മിലിട്ടറി പോലീസ് മ്യൂസിയം (ടൂറിസ്റ്റ് അറൈവൽ സെന്റർ) സ്ഥാപിക്കുന്നതിനായി സഹോദരൻ അയ്യപ്പൻ സ്മാരകത്തോട് ചേർന്നുള്ള ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വാതന്ത്ര്യ സമര സേനാനികളുടെ ഡി.എ. പരിഷ്കരണം

74 (2893) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പെൻഷൻ നൽകുന്ന സ്വാതന്ത്ര്യ സമര സേനാനികൾക്ക് നിലവിൽ എത്ര ശതമാനം ഡി.എ. ആണ് നൽകുന്നത് എന്നും നിലവിലുള്ള ഡി.എ എന്നുമുതലാണ് നൽകി വരുന്നതെന്നും അറിയിക്കാമോ ;

(ബി) സ്വാതന്ത്ര്യ സമരസേനാനികളുടെ ഡി.എ. പരിഷ്കരണത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ ; ജീവിത വില സൂചിക ഒട്ടേറെ ഉയർന്നിട്ടും സ്വാതന്ത്ര്യസമര സേനാനികളുടെ ഡി.എ. കഴിഞ്ഞ നാലു വർഷമായി പരിഷ്കരിച്ച് നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണത്താലാണ് ഡി.എ. പരിഷ്കരിച്ചു നൽകാത്തതെന്ന് വ്യക്തമാക്കുമോ ;

(സി) സ്വാതന്ത്ര്യ സമര സേനാനികളുടെ ഡി.എ. അടിയന്തരമായി വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ 6125 രൂപ അടിസ്ഥാന പെൻഷനും അതിന്റെ 60 ശതമാനം ക്ഷാമബത്തയും (3675 രൂപ) സഹിതം 9800 രൂപ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ/തുടർ പെൻഷനായി അനുവദിക്കുന്നുണ്ട്. കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ 10-9-2012-ൽ ആണ് അവസാനമായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിന് 1-8-2012 മുതൽ പ്രാബല്യമുണ്ട്.

(ബി) കാലാകാലങ്ങളിലെ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ/ക്ഷാമബത്ത വർദ്ധിപ്പിക്കുന്നത്. സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ഒരു ക്ഷേമ പെൻഷനല്ല. സ്വാതന്ത്ര്യ സമര

LIBRARY ARCHIVES Kerala Legislative Assembly